**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2756** **03-08-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിയുടെ പുരോഗതിക്കായുള്ള പദ്ധതികൾ .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷിയുടെ അഭിവൃദ്ധിക്കായും നെൽക്കർഷകരുടെ ക്ഷേമത്തിനായും കൃഷിവകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കരനെൽക്കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13600 രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽകൃഷിക്ക് 55 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം |

ഹെക്ടറൊന്നിനു ആകെ 40,000/- രൂപ (35,000/- രൂപ കർഷകനും, 5,000/- രൂപ ഭൂവുടമകൾക്കും)സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട് പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നതിന് 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68,16,266/- രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും; പ്രകൃതി ക്ഷോഭം ഉണ്ടാവുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാ ക്കേണ്ട അടിയന്തിര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയിൽ നീക്കിവെച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാ വശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. ഇതിനായി 2021-22വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ

| | | | |
|---|---|---|---|
| | | | ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപക രണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത് 2021-22വർഷ ത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾ ക്കനുസൃതമായി ഹെക്ടറൊന്നിന് 4500/- രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കു ന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോ പാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സർക്കാർ സംഭരിക്കുന്നത്. |
| (ബി) | തരിശുനിലങ്ങൾ പൂർണമായും കൃഷിയോഗ്യമാക്കി | (ബി) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന |

| | | | |
|---|---|---|---|
| | നെൽകൃഷി നടത്തുന്നതിനായി കൃഷിവകുപ്പ് നിലവിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | | പദ്ധതി പ്രകാരം തരിശ് നെൽകൃഷിക്ക് ഹെക്ടറിന് ആകെ 40,000/- രൂപ (35,000/-രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ആകെ 4483.0595 ലക്ഷം രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. അതിന്റെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. 2020-21 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സുഭിക്ഷകേരളം എന്ന ഘടക പദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരവും 9070 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽ കൃഷിക്ക് ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശ് നെൽകൃഷിക്ക് കഴിഞ്ഞ അഞ്ചു വർഷം വിനിയോഗിച്ച തുക സംബന്ധിച്ച വിവരങ്ങൾ</u>**

| **വർഷം** | **പദ്ധതി നടപ്പിലാക്കിയ വിസ്തൃതി (ഹെക്ടറിൽ)** | **ചെലവഴിച്ച തുക (ലക്ഷം രൂപ)** |
|---|---|---|
| 2016-17 | 2372.02457 | 688.002 |
| 2017-18 | 6916.54 | 1727.40 |
| 2018-19 | 7438.43004 | 1431.028 |
| 2019-20 | 2469.747 | 412.80 |
| 2020-21 | 3804.65 | 223.8295 |

**സെക്ഷൻ ഓഫീസർ**